# വെളിച്ചത്തിന്റെ പ്രവാചകവഴി

**അബൂഫഹ്മി**




*വഴിവെളിച്ചം*
*ആത്മവിശുദ്ധിയുടെ പ്രവാചക പാഠങ്ങൾ*
ജഅ്ഫർ എളമ്പിലാക്കോട്
പേജ് 257, വില 110
ഐ.പി.എച്ച് കോഴിക്കോട്

**മലയാളത്തിലെ** ഹദീസ് വിജ്ഞാനമേഖലയിൽ പുതുതായി വായനാമുറിയിലെത്തിയതാണ് ജഅ്ഫർ എളമ്പിലാക്കോടിന്റെ *വഴിവെളിച്ചം: ആത്മവിശുദ്ധിയുടെ പ്രവാചകപാഠങ്ങൾ* എന്ന കൃതി. പ്രവാചക വചനങ്ങളുടെ ആന്തരിക സൗന്ദര്യത്തിലേക്കും ആശയ പ്രപഞ്ചത്തിലേക്കും തുറന്നിട്ട കിളിവാതിലാണ് ഈ കൃതിയെന്ന് പറയാം. മരണം, മരണാനന്തരം, ആത്മസംസ്കരണം, ആരാധനകളുടെ ചൈതന്യം, ബന്ധങ്ങൾ, സ്വഭാവ സംസ്കരണം, സാമ്പത്തിക സംസ്കരണം തുടങ്ങിയ മുഖ്യ തലക്കെട്ടുകൾക്ക് കീഴെ 65 അധ്യായങ്ങളിലായിട്ടാണ് ഗ്രന്ഥം സംവിധാനിച്ചിട്ടുള്ളത്.

പൊതുവായനക്കാരെ സംബന്ധിച്ചേടത്തോളം ചിരപരിചിതമല്ലാത്ത, ആശയത്തിലും തെരഞ്ഞെടുപ്പിലും പുതുമയുള്ളതാണ് സമാഹാരത്തിലെ മിക്ക ഹദീസുകളും. ഓരോ ഹദീസിനെയും മറ്റനേകം ഹദീസുകൾ കൊണ്ടും ഉചിതമായ ഖുർആൻ സൂക്തങ്ങൾ കൊണ്ടും പ്രമാണബദ്ധമായും യുക്തിഭദ്രമായും ഗ്രന്ഥകാരൻ അവതരിപ്പിച്ചിരിക്കുന്നു.

ഓരോ ഹദീസിനും ചില ഊന്നലുകളുണ്ടായിരിക്കും. ആ ഊന്നലുകളിൽനിന്ന് മാറാതെ ഹദീസുകളെ വിശദീകരിക്കുന്നത് ഒരു രീതിയാണ്. എന്നാൽ ആ ഊന്നലുകൾക്കപ്പുറം വിഷയത്തിന്റെ വിശാലതകളിലേക്ക് പോകുന്ന രീതിയാണ് ഗ്രന്ഥകാരന്റേത്. അവതാരികയിൽ ടി.കെ ഉബൈദ് ചൂണ്ടിക്കാണിച്ചപോലെ, അഗാധമായ അർഥതലങ്ങളുള്ള ഹദീസുകളുടെ പരിഭാഷയിലും വ്യാഖ്യാനത്തിലും സമീപനഭേദങ്ങൾ സ്വാഭാവികമാണ്; മറ്റേത് വിഷയത്തിലുമെന്ന പോലെ. മൗലിക സന്ദേശത്തിലെ ഏകതാനതയെ മുഖവിലക്കെടുക്കുകയും വ്യക്ത്യാധിഷ്ഠിത വ്യാഖ്യാന ഭിന്നത വഴി രൂപപ്പെടുന്ന ആശയ വൈവിധ്യതയിലെ അഗാധ സൗന്ദര്യം ഉൾക്കൊള്ളുകയുമായിരിക്കും ക്രിയാത്മക സമീപനം.

അധ്യായങ്ങളുടെ ക്രോഡീകരണത്തിലും മുൻഗണനാക്രമത്തിലും അൽപം കൂടി അവധാനത ആകാമായിരുന്നു. 'മരണം, മരണാനന്തരം' എന്നാണ് ആദ്യം ചേർത്ത മുഖ്യ ശീർഷകം. നിത്യജീവിതവുമായി ബന്ധപ്പെട്ട അനേകം ശീർഷകങ്ങളും വിഷയങ്ങളുമെല്ലാം അതിനു പിറകെയാണ്. 'ജീവിത'ത്തിലൂടെ കടന്ന് 'മരണ'ത്തിൽ എത്താമായിരുന്നു. പേര് സൂചിപ്പിക്കുന്നതുപോലെ വിശ്വാസിജീവിതത്തിന് ഈ കൃതി വഴിയും വെളിച്ചവുമാവട്ടെ. ■

# മനുഷ്യാ നിന്റെ മനസ്സ്




*മനുഷ്യാ നിന്റെ മനസ്സ്*
ടി.കെ ഉബൈദ്
പേജ് 54, വില 30
വിചാരം ബുക്സ്, തൃശൂർ

**ജീവിത** വിജയം ആശിക്കാത്തവരായി ആരും ഉണ്ടാവില്ല. എന്നാൽ പ്രായോഗിക രംഗത്ത് വിജയംവരിക്കുന്നവരുടെ ശതമാനം വളരെ ചെറുതാണ്.

വേദഗ്രന്ഥങ്ങളും പ്രവാചകന്മാരും ദാർശനികരുമെല്ലാം മനുഷ്യന് നൽകിയ സന്ദേശത്തിന്റെ ആകത്തുക ജീവിത വിജയവുമായി ബന്ധപ്പെട്ടതാണ്. ആ അധ്യാപനങ്ങളാണ് പ്രശസ്ത പണ്ഡിതനും ഖുർആൻ വ്യാഖ്യാതാവുമായ ടി.കെ ഉബൈദിന്റെ *മനുഷ്യാ നിന്റെ മനസ്സ്* എന്ന കൃതി.

മനസ്സിന്റെ ആന്തരാളങ്ങളിൽ പിറവിയെടുക്കുന്ന ജീവിത കാഴ്ചപ്പാടുകളെ വേദഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ വിശകലനം നടത്തുകയാണ് ഗ്രന്ഥകാരൻ. മനുഷ്യന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന വിവിധ ഭാവങ്ങളെയും തലങ്ങളെയും അപഗ്രഥിക്കുമ്പോൾ പ്രായവ്യത്യാസമില്ലാതെ ആരുമായും സംവദിക്കുന്ന വിശകലനങ്ങളാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. ഗ്രാമീണന്റെയും നാഗരികന്റെയും പണ്ഡിതന്റെയും സാധാരണക്കാരന്റെയുമെല്ലാം വിചാരലോകത്തെ ഉൾക്കൊള്ളാൻ ഈ ലഘുഗ്രന്ഥത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കാം. മനസ്സിന്റെ ഉള്ളറകളെപ്പറ്റിയുള്ള ഈ ചിന്തകൾ ജീവിത സമരത്തിന്റെ പുതിയ വഴികൾ വായനക്കാരന് നൽകാതിരിക്കില്ല.

സ്വാതന്ത്ര്യവും അടിമത്തവും, ചങ്ങാതി നന്നായാൽ, രോഗലക്ഷണങ്ങൾ, ജീവിത സമരം തുടങ്ങിയ അധ്യായങ്ങൾ സവിശേഷം പ്രാധാന്യമർഹിക്കുന്നു. മനസ്സിന്റെ ഒടുങ്ങാത്ത സമസ്യകളോട് സംവദിക്കാൻ ഈ കൃതി ശക്തി പകരുമെന്ന് ആശിക്കാം.